നമ്പർ.എഫ്2/20738/15

വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ കാര്യാലയം
എറണാകുളം, തീയതി : 20.10.2015.
ഫോൺ നം. 0484 2422227
ഇ-മെയിൽ : ddeekm@yahoo.com

പ്രേഷകൻ

വിദ്യാഭ്യാസ ഉപ ഡയറക്ടർ
എറണാകുളം.

സ്വീകർത്താവ്

എല്ലാ ജില്ലാ/ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം:- പൊ.വി - സൗജന്യ ഇംഗ്ലീഷ് അദ്ധ്യാപക പരിശീലനം - അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്

സൂചന :- പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 19.10.15-ലെ പി.എൽ(4)/31026/15/ഡിപിഐ നമ്പർ കത്ത്.

..................

ബാംഗ്ലൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് എന്ന സ്ഥാപനം പ്രൈമറി അദ്ധ്യാപകർക്കായി നടത്തുന്ന 30 ദിവസത്തെ സൗജന്യ ഇംഗ്ലീഷ് പരിശീലനം നവംബർ 2 മുതൽ ബാംഗ്ലൂരിൽ വച്ച് നടത്തുന്നതാണ്. ടി ട്രെയിനിംഗിന് പങ്കെടുക്കുന്നതിനായി താങ്കളുടെ ജില്ലയിൽ നിന്നും പ്രൈമറി വിഭാഗത്തിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്ന ഒരു അദ്ധ്യാപക/അദ്ധ്യാപികയുടെ പേര് ഈ ആഫീസിലേക്ക് 21.10.2015-ന് മുൻപായി അടിയന്തിരമായി അയച്ചുതരേണ്ടതാണ്.

വിശ്വസ്തതയോടെ,

വിദ്യാഭ്യാസ ഉപ ഡയറക്ടർ
എറണാകുളം

എംപിഎ/20.10

20738

നം: പി.എൽ.(4)/31026/2015/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി : 19.10.2015.

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും.

സർ,

വിഷയം : പൊതുവിദ്യാഭ്യാസം - സൗജന്യ ഇംഗ്ലീഷ് അദ്ധ്യാപക പരിശീലനം, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്, ബാംഗ്ലൂർ - അപേക്ഷ ക്ഷണിക്കുന്നതു സംബന്ധിച്ച്.

സൂചന : റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ കത്ത് നം: RIE/TRG/CELT/Pri-CRS-12 KL&TN/PD/2015-16.

ബാംഗ്ലൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് എന്ന സ്ഥാപനം 2015-16 വർഷം പ്രൈമറി അദ്ധ്യാപകർക്കായി നടത്തുന്ന 30 ദിവസത്തെ സൗജന്യ ഇംഗ്ലീഷ് പരിശീലനത്തിനുള്ള ഒന്നാമത്തെ ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. 2015 നവംബർ 2 മുതൽ ഡിസംബർ 1 വരെയാണ് പരിശീലന കാലാവധി. പ്രൈമറിതലത്തിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നവരും 50 വയസ്സ് കഴിയാത്തവരുമായ അദ്ധ്യാപകരെയാണ് പരിശീലനത്തിന് തെരഞ്ഞെടുക്കേണ്ടത്. വിശിഷ്യാ പുതിയതായി സർവ്വീസിൽ പ്രവേശിച്ച ഇംഗ്ലീഷ് അദ്ധ്യാപകരെയും ഉൾപ്പെടുത്തി സ്കൂളിലെ ദൈനംദിന പ്രവർത്തനങ്ങൾക്ക് വിഘാതമുണ്ടാകാതെ പരിശീലനത്തിന് അയക്കേണ്ടതാണ്. പരിശീലനത്തിനായി തെരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപകർക്ക് കെ.എസ്.ആർ. പ്രകാരമുള്ള യാത്രപ്പടിക്ക് അർഹതയുണ്ടായിരിക്കും.

എല്ലാവിദ്യാഭ്യാസ ഉപഡയറക്ടർമാരും തങ്ങളുടെ കീഴിലുള്ള വിദ്യാലയങ്ങളിൽനിന്നും പ്രൈമറി വിഭാഗത്തിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്ന അദ്ധ്യാപകരെ തെരഞ്ഞെടുത്ത് റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്, സൗത്ത് ഇന്ത്യ ബാംഗ്ലൂർ എന്ന സ്ഥാപനത്തിലേക്ക് ഒരു മാസത്തെ പരിശീലന കോഴ്സിന് റിലീവ് ചെയ്ത് അയ്ക്കേണ്ടതാണ്. അദ്ധ്യാപകരുടെ ലിസ്റ്റ് താഴെ കൊടുത്തിരിക്കുന്ന പട്ടികപ്രകാരം തയ്യാറാക്കേണ്ടതാണ്. ഇവരുടെ പേരു വിവരം dpiplanning@gmail.com എന്ന മെയിൽ അഡ്രസ്സിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. കോഴ്സ് സംബന്ധിച്ച വിവരങ്ങൾ www.riesielt.com എന്ന വെബ്സൈറ്റിൽ ലോഗ് ഓൺ ചെയ്യേണ്ടതാണ്. റൂട്ട്, കോഴ്സ് എന്നിവ സംബന്ധിച്ചുള്ള വിവരങ്ങളും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.